## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1631** **04/12/2018-ൽ മറുപടിയ്ക്ക്**

## കാർഷികമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ കൃഷി വകുപ്പിനു കീഴിലുണ്ട്;<br><br>(ബി) അവയുടെ പേരുവിവരം വ്യക്തമാക്കാമോ; | (എ) & (ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിനു കീഴിൽ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO), കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KLDC), ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്(OPIL), ഹോർട്ടികോർപ്പ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (SFCK), കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ (KSWC), പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (PCKL), വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് (VAFPCL), കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC)എന്നീ പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ സഹകരണ നിയമ പ്രകാരം 4370 -ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അപ്പെക്സ് |

ഫെഡറേഷൻ ആയ കേരഫെഡ്, യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK) എന്നിവയും കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിച്ച വരുന്ന സ്ഥാപനങ്ങളാണ്.

(സി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; ഓരോന്നിന്റെയും കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തന ലാഭം എത്രയെന്ന് വ്യക്തമാക്കാമോ?

(സി) KAMCO, KAICO, SFCK, KSWC എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. അവയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തന ലാഭം ചുവടെ ചേർക്കുന്നു:-

| പൊതു മേഖലാ സ്ഥാപനം | പ്രവർത്തന ലാഭം | |
|---|---|---|
| | 2016-17 | 2017-18 |
| KAMCO | 285 ലക്ഷം | 375 ലക്ഷം |
| KAICO | 22.63 ലക്ഷം | 30.85 ലക്ഷം |
| SFCK | 89.50 ലക്ഷം | 26.73 ലക്ഷം |
| KSWC | - | 2.32 കോടി ലാഭം |

സെക്ഷൻ ഓഫീസർ